## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3579 — 30-01-2014-ൽ മറുപടിക്ക്.

### 'നീര'-യുടെ വ്യാവസായിക ഉൽപ്പാദനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | കേരളത്തിൽ 'നീര' ഉല്പാദനം തുടങ്ങിയിട്ടുണ്ടോ; | (എ) | ഇല്ല. |
| ബി) | 'നീര' വ്യാവസായികമായി ഉൽപ്പാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | (ബി)-യും, (സി)-യും<br>നീര ഉല്പാദനത്തിന് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച, 23/09/2013-ലെ ജി.ഒ.(Ms)160/13/റ്റിഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അബ്കാരി ആക്ടിന്റെ കീഴിലുള്ള, 1931-ലെ Issue of Licences for Drawing Sweet Toddy (Neera) Rules ഇല്ലായ്മ ചെയ്ത് The Kerala Sweet Toddy (Neera) Rules, 2014 എന്ന പുതിയ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതോടെ, നീര വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിന് കഴിയുന്നതാണ്. |
| സി) | എങ്കിൽ ഏതു തരത്തിലാണ് നടപടികൾ സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; | | |
| ഡി) | ഇതിന് കർഷകരെയും തോട്ടങ്ങളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്ന് അറിയിക്കാമോ; | (ഡി) | പരീക്ഷണാടിസ്ഥാനത്തിൽ, നാളികേര വികസന ബോർഡ് അംഗീകരിച്ചിട്ടുള്ള കേര കർഷകർ അംഗങ്ങളായുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/സമിതി, ഫെഡറേഷൻ എന്നിവയ്ക്ക് നീര ഉല്പാദനത്തിന് അനുമതി നൽകുന്നതിനാണ്, 23/09/2013 -ലെ ജി.ഒ.(Ms)160/13/റ്റിഡി. പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സമിതി അംഗങ്ങളുടെ തോട്ടങ്ങളെയാണ് നീര ചെത്തുന്നതിനായി തെരഞ്ഞെടുക്കുന്നത്. |
| ഇ) | ഇതിനുള്ള തൊഴിലാളികളെ നിശ്ചയിക്കുന്നത് എങ്ങനെയെന്ന് അറിയിക്കാമോ? | (ഇ) | കള്ള്ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിന് മുൻഗണന നൽകുകയും, ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ, ട്രെയിനിംഗ് നൽകി, നീര ടെക്നീഷ്യൻസിനെയും നീര ചെത്തുന്നതിന് നിയോഗിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ആഫീസർ